(സി) കമ്മീഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. പ്രോൽസാഹന അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

13 [3298] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്ജ്:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം വിൽപ്പന നികുതി വരുമാനത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവാണ് സർക്കാർ പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേക്കും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് ആഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി. മുൻ വർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. നികുതിപിരിവ് എല്ലാ മാസവും അവലോകനം ചെയ്യുകയും ലക്ഷ്യം കൈവരിക്കാൻ ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ലക്ഷ്യപ്രാപ്തിക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly.

3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി നികുതിപിരിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കും, റവന്യൂ ഉദ്യോഗസ്ഥന്മാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഹൈക്കോടതിയിൽ വിൽപ്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) 6418 കോടി രൂപയാണ് ഇക്കൊല്ലം പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ

14 [3299] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിൽപ്പന നികുതി വകുപ്പ് എത്ര കടപരിശോധനകൾ നടത്തി; ഇതിൽ ഓരോന്നിലും വകുപ്പ് കണ്ടെത്തിയിട്ടുള്ള നികുതി വെട്ടിപ്പുകൾ എന്തെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം വിൽപ്പന നികുതി ഓഫീസർമാർ ഒറ്റയ്ക്ക് കട പരിശോധന നടത്തിയത് എവിടെയെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഓഫീസർമാർ ഒറ്റയ്ക്ക് കടപരിശോധന നടത്തിയതിൽ എത്ര നികുതി വെട്ടിപ്പ് കണ്ടുപിടിച്ചിട്ടുണ്ട്;

(ഡി) അഴിമതിയും സ്വജന പക്ഷപാതത്തിനും വഴിവയ്ക്കുന്ന ഈ ഓഫീസർമാരുടെ ഒറ്റയ്ക്കുള്ള കടപരിശോധന നിർത്തിവെച്ച് സ്ക്വാഡ് രീതിയിൽ കടപരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ;

(ഇ) കടപരിശോധനയ്ക്കും നികുതി വെട്ടിപ്പ് തടയുവാനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2001 മുതൽ 30-4-2003 വരെ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം നടത്തിയ കടപരിശോധനകളുടെയും കണ്ടുപിടിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly